**15 -ാം കേരള നിയമസഭ**

**13 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 5387** **21-03-2025 - ൽ മറുപടിയ്ക്ക്**

**സിൽവർ ലൈൻ പദ്ധതിയുടെ നിർമ്മാണ നടപടികൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. കെ. പി. എ. മജീദ് | | ശ്രീ. വി. അബ്ദുറഹിമാൻ (ന്യൂനപക്ഷക്ഷേമം, കായികം, വഖഫ്, ഹജ് തീർത്ഥാടന വകുപ്പ് മന്ത്രി) | |
| (എ) | നിർദ്ദിഷ്ട തിരുവനന്തപുരം-കാസർഗോഡ് സിൽവർ ലൈൻ പദ്ധതിയുടെ നിർമ്മാണ നടപടികളുമായി മുന്നോട്ടു പോകാൻ ഉദ്ദേശിച്ചിട്ടുണ്ടോ; എങ്കിൽ പദ്ധതിയുടെ തുടർനടപടികൾ ആരംഭിക്കുന്നതിന് നിലവിൽ എന്തെങ്കിലും തടസ്സമുണ്ടോയെന്ന് വിശദമാക്കാമോ; | (എ) | സിൽവർലൈൻ പദ്ധതിയുടെ വിശദ പദ്ധതി റിപ്പോർട്ട് റെയിൽവേ മന്ത്രാലയത്തിനു സമർപ്പിച്ചിട്ടുണ്ട്. പ്രസ്തുത റിപ്പോർട്ട് ഇപ്പോൾ റെയിൽവേ ബോർഡിൽ അവലോകന ഘട്ടത്തിലാണ്. ഡി.പി.ആർ അവലോകനത്തിന്റെ ഭാഗമായി റെയിൽവേ മന്ത്രാലയം അധിക വിവരങ്ങൾക്ക് ആവശ്യപ്പെടുകയും ആയതിനു സ്പഷ്ടീകരണം നൽകുകയും ചെയ്തിട്ടുണ്ട്. കൂടാതെ സിൽവർലൈൻ പദ്ധതിയുടെ കേന്ദ്രാനുമതി യുമായി ബന്ധപ്പെട്ട് മുഖ്യമന്ത്രി തലത്തിലുൾപ്പെടെ ഉന്നതതല യോഗങ്ങളും കത്തിടപാടുകളും റെയിൽമന്ത്രാലയവുമായി നടത്തിവരുന്നുണ്ട്. റെയിൽവേയിൽ നിന്നും അന്തിമാനുമതി ലഭിക്കുന്ന മുറയ്ക്ക് പദ്ധതിയുടെ തുടർ നടപടിക്രമങ്ങളുമായി മുന്നോട്ടു പോകുന്നതാണ്. |
| (ബി) | പ്രസ്തുത പദ്ധതി ഒരു പി.പി.പി. (പബ്ളിക്ക് പ്രൈവറ്റ് പാർട്ടിസിപ്പേഷൻ പ്രോജക്റ്റ്) ആക്കുന്നതിന് സമ്മതമാണെന്ന് കാട്ടി ഇതിനോടകം കേന്ദ്ര സർക്കാരിനോ റെയിൽവെ അധികൃതർക്കോ കത്ത് നല്കിയിട്ടുണ്ടോ; എങ്കിൽ കത്തിന്റെ പകർപ്പ് സഹിതം വിശദമാക്കാമോ; | (ബി) | ഇല്ല |
| (സി) | നിർമ്മാണം പൂർത്തിയാകുമ്പോൾ പദ്ധതിയുടെ ഉടമസ്ഥത എപ്രകാരമായിരിക്കുമെന്ന് വ്യക്തമാക്കുമോ; | (സി) | ഡി.പി.ആർ പ്രകാരം പദ്ധതിയുടെ നടത്തിപ്പ് താഴെ പറയും പ്രകാരമാണ് :<br><br>കേരള സർക്കാരും ഇന്ത്യൻ റെയിൽവേയും തമ്മിലുള്ള സംയുക്ത സംരംഭ കരാറിന്റെ (യഥാക്രമം 51:49 ഇക്വിറ്റി പങ്കാളിത്തം) അടിസ്ഥാനത്തിലാണ് കേരള റെയിൽ ഡെവലപ്മെന്റ് കോർപ്പറേഷൻ ലിമിറ്റഡ് സ്ഥാപിതമായത്. സംയുക്ത സംരംഭ കരാറിലെ വ്യവസ്ഥകൾ അനുസരിച്ച്, ഓരോ പ്രോജക്റ്റും ഒരു കമ്പനിയുടെ രൂപത്തിൽ ഒരു പ്രത്യേക |

| | | | |
|---|---|---|---|
| | | | ദൗത്യ വിഭാഗം വഴി നടപ്പിലാക്കേണ്ടതുണ്ട്. അതിനാൽ കേരള റെയിൽ ഡെവലപ്മെന്റ് കോർപ്പറേഷൻ ലിമിറ്റഡിന്റെ ഒരു സബ്സിഡിയറി കമ്പനിയുടെ രൂപത്തിൽ ഒരു പ്രത്യേക ദൗത്യ വിഭാഗം (എസ്പിവി) വഴിയാണ് പദ്ധതി നടപ്പിലാക്കുന്നത്. ഈ എസ്.പി.വി വഴി പദ്ധതി നടപ്പിലാക്കുകയും ഇന്ത്യൻ റെയിൽവേയിൽ നിന്ന് പൂർണ്ണമായും സ്വതന്ത്രമായി രണ്ട് സർക്കാരുകൾക്കും വേണ്ടി ഈ എസ്.പി.വി സിസ്റ്റം പ്രവർത്തിപ്പിക്കുകയും പരിപാലിക്കുകയും ചെയ്യും. |
| (ഡി) | 2020-ൽ കേന്ദ്ര സർക്കാരിന് അംഗീകാരത്തിനായി നൽകിയതിനുശേഷം സിൽവർ ലൈൻ അലൈൻമെന്റ് പുതുക്കിയിട്ടുണ്ടെങ്കിൽ പുതുക്കിയ അലൈൻമെന്റ്-ന്റെ പകർപ്പ് സഹിതം വിശദമാക്കാമോ? | (ഡി) | സിൽവർലൈൻ പദ്ധതിയുടെ അലൈൻമെന്റോടു കൂടിയുള്ള വിശദ പദ്ധതി റിപ്പോർട്ട് റെയിൽവേ മന്ത്രാലയത്തിനു അന്തിമാനുമതിക്കായി സമർപ്പിച്ചിരിക്കുകയാണ്. ആയതു നിലവിൽ റെയിൽവേ ബോർഡിൻറെ പരിശോധനയിലാണ്. പ്രസ്തുത അലൈൻമെന്റിൽ മാറ്റം വരുത്തിയിട്ടില്ല. |

സെക്ഷൻ ഓഫീസർ